# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 18 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### ശബരിമല പ്രസാദത്തിന്റെ തപാല് വിതരണം മാസ പൂജാ സമയത്തും തുടരും;
### തപാല് വഴി വിതരണം ചെയ്തത് 1.97 കോടി രൂപയുടെ പ്രസാദം

ശബരിമല സ്വാമി പ്രസാദം തപാല് മുഖേന ഭക്തര്ക്ക് വീടുകളിലെത്തിച്ച് നല്കുന്ന പദ്ധതി മണ്ഡല - മകരവിളക്ക് കാലത്തിന് ശേഷവും തുടരുമെന്ന് ദേവസ്വം ബോര്ഡ് അധികൃതര് അറിയിച്ചു. ഈ വര്ഷം തുടങ്ങിയ പദ്ധതി വന് വിജയത്തിലെത്തിയതോടെയാണ് മാസ പൂജാ സമയത്തും തപാല് വിതരണം തുടരാന് തീരുമാനിച്ചത്. ഇതിനായി മണ്ഡല - മകരവിളക്ക് തീര്ഥാടന കാലം കഴിഞ്ഞും പോസ്റ്റ് ഓഫീസ് വഴി പ്രസാദത്തിനുള്ള ഓര്ഡറുകള് സ്വീകരിക്കും. ഇത്തരത്തില് ലഭിക്കുന്ന ഓര്ഡര് പ്രകാരമുള്ള പ്രസാദത്തിന്റെ വിതരണം മാസ പൂജാ സമയത്ത് നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസര് വി.എസ്. രാജേന്ദ്ര പ്രസാദ് പറഞ്ഞു.

ഈ മണ്ഡലകാലത്ത് ഇതുവരെ 1,97,55,900 രൂപായാണ് തപാല് വഴിയുള്ള പ്രസാദ വിതരണത്തിലൂടെ ലഭിച്ചത്. ഇതില് 1,09,75,500 രൂപാ ദേവസ്വം ബോര്ഡിനും 87,80,400 രൂപാ തപാല് വകുപ്പിനും ലഭിച്ചു. 43,902 പ്രസാദ കിറ്റുകളാണ് ഇതുവരെ വിതരണം ചെയ്തത്.

കോവിഡ് 19 ന്റെ പശ്ചാത്തലത്തില് ഭാരതീയ തപാല് വകുപ്പുമായി ചേര്ന്നാണ് തിരുവിതാംകൂര് ദേവസ്വം ബോര്ഡ് തപാല് വഴി പ്രസാദ വിതരണം ആരംഭിച്ചത്. കോവിഡ് മഹാമാരിയെത്തുടര്ന്ന് ശബരിമല

ദര്ശA നത്തിനെത്തുന്ന ഭക്തരുടെ എണ്ണം പരിമിതപ്പെടുത്തിയിരുന്നു. ഇതോടെയാണ് ഭക്തര്ക്ക് പ്രസാദം എത്തിച്ച് നല്കയ ണമെന്ന ഉദ്ദേശ്യത്തോടെ തപാല് മുഖേന പ്രസാദ കിറ്റ് വിതരണം ചെയ്യാന് ദേവസ്വം ബോര്ഡ്ാ തീരുമാനിച്ചത്.

അരവണ, നെയ്യ്, കുങ്കുമം, മഞ്ഞള്, വിഭൂതി, അര്ച്ചന പ്രസാദം എന്നിവയാണ് പ്രസാദ കിറ്റിലുള്ളത്. ആദ്യം ഉള്പ്പെടുത്തിയിരുന്നെങ്കിലും കേട് വരാന് സാധ്യതയുള്ളതിനാല് കിറ്റില് നിന്നും അപ്പം ഒഴിവാക്കി. പോസ്റ്റ് ഓഫീസ് മുഖേന ബുക്ക് ചെയ്യുന്നവര്ക്ക അരവണ പ്രസാദം സ്പീഡ് പോസ്റ്റിലൂടെ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് പോസ്റ്റ്മാന് വീടുകളിലെത്തിച്ച് നല്കുംഠ . പോസ്റ്റ് ഓഫീസുകളില് പണമടച്ചാണ് അരവണ പ്രസാദം ബുക്ക് ചെയ്യേണ്ടത്. ഇതിനായി പ്രത്യേക അപേക്ഷാ ഫോം രാജ്യമെമ്പാടുമുള്ള പോസ്റ്റ് ഓഫീസുകളില് ലഭ്യമാക്കിയിട്ടുണ്ട്.

450 രൂപായാണ് ബുക്കിംഗ് ചാര്ജ്ി. ഇതില് 250 രൂപായാണ് അരവണ നിര്മിക്ക്ച് കൈമാറുന്ന ദേവസ്വം ബോര്ഡിയ ന് ലഭിക്കുക. പാഴ്സല്, ട്രാന്്ൂപോര്ട്ടേഷന് ഇനങ്ങളില് 200 രൂപ തപാല് വകുപ്പിനാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളില് നിന്നുള്ള ബുക്കിംഗിന്റെ വിശദാംശങ്ങള് പമ്പ ത്രിവേണിയിലെ പോസ്റ്റ് ഓഫീസിലാണ് ലഭിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തില് ഇവിടെ നിന്നും ഇ-മെയില് വഴി സന്നിധാനത്തെ ദേവസ്വം ഓഫീസിലേക്ക് ഓര്ഡറ ര് നല്കുംി . ഇതിന് ദേവസ്വം ഓഫീസില് നിന്ന് അനുമതി നല്കുഫ ന്നതോടെ സന്നിധാനത്തെ പ്ലാന്റില് അരവണ നിര്മി ച്ച് ടിന്നിലാക്കും. ഇതോടൊപ്പം നെയ്യ്, കുങ്കുമം, മഞ്ഞള്, വിഭൂതി എന്നിവയും പ്രത്യേകം പായ്ക്ക് ചെയ്യും. ക്ഷേത്രത്തില് നിന്ന് നല്കുല ന്നത് പോലെ തന്നെ അര്ച്ചന്ന പ്രസാദം ഇലയില് പൊതിഞ്ഞാണ് കിറ്റില് നിറയ്ക്കുന്നത്. ഇവ സന്നിധാനത്ത് നിന്ന് പമ്പ ത്രിവേണി പോസ്റ്റ് ഓഫീസിലേക്ക് ദേവസ്വം ബോര്ഡ്ഷ എത്തിക്കും. ഇവിടെ നിന്നും ബുക്ക് ചെയ്തവര്ക്ക് തപാല് വകുപ്പ് പ്രസാദമെത്തിച്ച് നല്കുംഞ. തപാല് മുഖേനയുള്ള പ്രസാദ വിതരണത്തിന് മികച്ച പ്രതികരണമാണ് ഭക്തരില് നിന്നും ലഭിക്കുന്നതെന്നെന്നും വരും വര്ഷങ്ങളിലും ഇത് തുടരുമെന്നും തിരുവിതാംകൂര് ദേവസ്വം ബോര്ഡ്് അധികൃതര് അറിയിച്ചു.

കൗണ്ടര് വഴി വിതരണം ചെയ്തത് 5.37 കോടിയുടെ അരവണ

ഈ മണ്ഡലകാലത്ത് ഇതുവരെ ശബരിമല സന്നിധാനത്തെ അരവണ കൗണ്ടറുകള് വഴി വിതരണം ചെയ്തത് 53780170 രൂപായുടെ അരവണ. ഒരു ടിന് അരവണക്ക് 80 രൂപായാണ് ദേവസ്വം ബോര്ഡ്ഢ ഈടാക്കുന്നത്. ഇത്തരത്തില് 226175 ടിന് അരവണയാണ് വിറ്റത്. ഈ വകയില് 18094000 രൂപാ ലഭിച്ചു. ഇതിന് പുറമേ 10 ടിന്നുകള് ഉള്പ്പെടുന്ന ഒരു ബണ്ടില് അരവണയും പ്രത്യേകം പാക്കറ്റിലാക്കി വില്പ്പനക്ക് എത്തിച്ചിരുന്നു. 810 രൂപായാണ് ഒരു ബണ്ടില് അരവണയുടെ വില. 44057 ബണ്ടില് അരവണയാണ് ഇത്തരത്തില് വിതരണം ചെയ്തത്. ഈ വകയില് 35686170 രൂപാ ദേവസ്വത്തിന് ലഭിച്ചു.

(പി.ആര്‍. ശബരി - (212)

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

## കേരള സർക്കാർ

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 18 | 2021 |



### ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

## ഡിജിപി ശബരിമലയില് ദര്ശനം നടത്തി

സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ശബരിമല സന്നിധാനത്ത് ദര്ശനം നടത്തി. രാവിലെ ഏഴരയോടെ പമ്പയില് നിന്നും പുറപ്പെട്ട അദ്ദേഹം ഒമ്പത് മണിയോടെ ദര്ശനത്തിനായി സോപാനത്തിലെത്തി. ശ്രീകോവിലിന് മുന്നില് കാണിക്കയര്പ്പിച്ച് തൊഴുത പോലീസ് മേധാവിക്ക് പ്രസാദം നല്കി. തുടര്ന്ന് മാളികപ്പുറത്തെത്തിയ അദ്ദേഹത്തിന് മേല്ശാന്തി രജില് നീലകണ്ഠന് നമ്പൂതിരി പ്രസാദം നല്കി. പിന്നീട് തന്ത്രി കണ്ഠര് രാജീവരെയും മേല്ശാന്തി വി.കെ. ജയരാജ് പോറ്റിയെയും സന്ദര്ശിച്ചു. ഇതോടൊപ്പം സന്നിധാനത്തെ ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസിലും ഡിജിപി സന്ദര്ശനം നടത്തി. തുടര്ന്ന് മടങ്ങിയെത്തി ശാസ്താവിനെ വീണ്ടും തൊഴുത ശേഷമാണ് സോപാനത്തില് നിന്നുമിറങ്ങിയത്. താഴെയെത്തിയ അദ്ദേഹം പതിനെട്ടാം പടിക്ക് മുന്നിലെത്തി തൊഴുതു. ഇതിന് ശേഷം വാവര് നടയിലെത്തി കാണിക്കയര്പ്പിച്ച് വണങ്ങി പ്രസാദവും വാങ്ങി. ഏതാനും സമയം സന്നിധാനം റസ്റ്റ് ഹൗസിലെത്തി വിശ്രമിച്ച ശേഷമാണ് അദ്ദേഹം മടങ്ങിയത്. മകന് അനീത് തേജിയും ഡിജിപിയോട് ഒപ്പമുണ്ടായിരുന്നു. സന്നിധാനം ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസര് വി.എസ്.രാജേന്ദ്ര പ്രസാദ്, സന്നിധാനം പോലീസ് സ്പെഷല് ഓഫീസര്

എന്.വിജയകുമാര് എന്നിവരും ഉന്നത പോലീസ് ഉദ്യോഗസ്ഥരും ഡിജിപിയെ അനുഗമിച്ചു.

**(പി.ആര്. ശബരി - (213)**




# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 18 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

## ശബരിമലയില് വെര്ച്ചല് ക്യൂ സംവിധാനം തുടരും: ഡിജിപി ലോക്നാഥ് ബെഹ്റ

ശബരിമലയില് വരും വര്ഷങ്ങളിലും വെര്ച്ചല് ക്യൂ സംവിധാനം തുടരുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. ശബരിമലയില് ദര്ശനം നടത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ വര്ഷത്തെ ശബരിമല തീര്ഥാടനത്തിനായി പോലീസ് പ്രത്യേക സജ്ജീകരണങ്ങളാണ് ഏര്പ്പെടുത്തിയത്. ശബരിമലയുടെ ചരിത്രത്തില് ഇത്തരമൊരു മുന്നൊരുക്കം ആദ്യമായാണ്.

കോവിഡ് 19 ന്റെ പശ്ചാത്തലത്തില് ശബരിമലയിലെത്തുന്ന ഭക്തരെ ദര്ശനത്തിന് ശേഷം സുരക്ഷിതരായി മടക്കി അയക്കുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. ദര്ശനത്തിനെത്തുന്ന ഭക്തരുടെ എണ്ണം പരിമിതപ്പെടുത്തി വെര്ച്ചല് ക്യൂ വഴി ഓണ്ലൈന് ബുക്ക് ചെയ്തവര്ക്ക് മാത്രമാണ് ഈ വര്ഷം ശബരിമലയിലേക്ക് പ്രവേശനം അനുവദിച്ചത്. ഈ സമ്പ്രദായം ഏറെ ഗുണം ചെയ്തു.

പോലീസുകാര് സ്വയം സുരക്ഷയും ഭക്തരുടെയും ജീവനക്കാരുടേയും സുരക്ഷയും നോക്കേണ്ട സാഹചര്യമായിരുന്നു നിലവിലുണ്ടായിരുന്നത്. എങ്കിലും ഈ സാഹചര്യം പോലീസ് ഉദ്യോഗസ്ഥര് വളരെ മികച്ച രീതിയില് പരാതിക്കിടയില്ലാത്തവിധം

കൈകാര്യം ചെയ്തു. ഇതര വകുപ്പുകളുമായി ചേര്ന്ന് നടത്തിയ വിവിധ പ്രവര്ത്തനങ്ങളും ഇതില് ഉള്പ്പെടും.

ആരോഗ്യ വിഭാഗം മികച്ച രീതിയിലുള്ള സേവനമാണ് ശബരിമലയില് നടത്തിയിട്ടുള്ളത്. ശബരിമലയില് സേവനത്തിനെത്തിയ ഏതാനും പോലീസുകാര് കോവിഡ് ബാധിതരായെങ്കിലും തുടര്ന്നുള്ള പ്രവര്ത്ത്നങ്ങളില് ഇതൊരു അനുഭവ പാഠമാക്കി. രോഗപ്രതിരോധത്തിന് മുന്ഗണന നല്കിന യുള്ള സുരക്ഷാക്രമീകരണങ്ങളാണ് പിന്നീട് നടപ്പാക്കിയതെന്നും ഡിജിപി പറഞ്ഞു.

**(പി.ആര്. ശബരി - (214)**



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 18 | 2021 |



## ശബരിമല പത്രക്കുറിപ്പ് 4

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### പമ്പയില് റവന്യൂ ഇന്്erപെക്ടര് ഹൃദയാഘാതം മൂലം മരിച്ചു

ശബരിമല ഡ്യൂട്ടിക്കെത്തിയ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥന് ഹൃദയാഘാതം മൂലം മരിച്ചു. തൊടുപുഴ ലാന്റ്സ് അകിസിഷന് ഓഫീസിലെ റവന്യൂ ഇന്്ന്പെക്ടര് തൊടുപുഴ പെരുമ്പള്ളിച്ചിറ പുതുപ്പറമ്പില് ജി.അഭിലാഷാണ് (47) മരിച്ചത്. ജനുവരി 11 നാണ് ഇദ്ദേഹം പമ്പയില് ജോലിക്കെത്തിയത്. 17ന് രാത്രി ഭക്ഷണ ശേഷം മുറിയില് വിശ്രമിക്കാനായി പോയ അഭിലാഷിനെ 18ന് രാവിലെ മരിച്ച നിലയില് കണ്ടെത്തുകയായിരുന്നു.

പമ്പ പോലീസിന്റെ നേതൃത്വത്തില് ഇന്ക്വസ്റ്റ് നടപടികള് പൂര്ത്തിയാക്കി. തുടര്ന്ന് മൃതദേഹം കോട്ടയം മെഡിക്കല് കോളജിലേക്ക് പോസ്റ്റ് മോര്ട്ട്ത്തിന് അയച്ചു. ഹൃദയാഘാതം മൂലം മരണം സംഭവിച്ചുവെന്നാണ് പോലീസിന്റെ പ്രാഥമിക നിഗമനം.

വിവരമറിഞ്ഞ് തൊടുപുഴ തഹസില്ദാപര് കെ.എം.ജോസുകുട്ടി, എല്.ആര്. തഹസില്ദാപര് വി.ആര്.ചന്ദ്രന്പിള്ള, ഹെഡ്ക്വാര്ട്ടേഴ്സ് തഹസില്ദാര് ഒ.എസ്. ജയകുമാര് എന്നിവരും ബന്ധുക്കളും കോട്ടയം മെഡിക്കല് കോളജിലെത്തി. കോവിഡ് ടെസ്റ്റിന് ശേഷം ചൊവ്വാഴ്ച്ച പോസ്റ്റ്മോര്ട്ടം നടത്തുന്ന മൃതദേഹം ബന്ധുക്കള്ക്ക് വിട്ടുനല്കും.

രജിസ്ട്രേഷന് വകുപ്പിലെ സീനിയര് ക്ലര്ക്ക് സിനി സുകുമാരനാണ് ഭാര്യ. മക്കള് അഭിരാമി, ആദിത്യ (ഇരുവരും വിദ്യാര്ഥികള്). കാരിക്കോട്, ഭരണങ്ങാനം വില്ലേജ് ഓഫീസുകള്, തൊടുപുഴ താലൂക്ക് ഓഫീസ്,

ലാസ്റ്റ്Y    ട്രൈബ്യൂണല് ഓഫീസ് എന്നിവിടങ്ങളില് അഭിലാഷ് സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സംസ്കാരം പിന്നീട്.

**(പി.ആര്. ശബരി - (215)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 18 | 2021 |

## ശബരിമല പത്രക്കുറിപ്പ് 5



ഫോൺ : 04735-202664

*www.prd.kerala.gov.in, prdnewssabarimala2021@gmail.com*


### മകരവിളക്ക് തീര്ഥാടനം: ശബരിമല ക്ഷേത്രനട 20 ന് അടയ്ക്കും; ഭക്തര്ക്ക് പ്രവേശനം 19 വരെ മാത്രം, മാളികപ്പുറത്ത് ഗുരുതി 19 ന് രാത്രി

മകരവിളക്ക് തീര്ഥാടനത്തിന് 19ന് രാത്രി മാളികപ്പുറത്ത് നടക്കുന്ന ഗുരുതിയോടെ സമാപനമാകും. 19ന് രാത്രി 8.30 ന് അത്താഴപൂജ. 8.50 മണിക്ക് ഹരിവരാസന സങ്കീര്ത്തനം പാടി ഒമ്പതിന് ശ്രീകോവില് നട അടയ്ക്കും. ശേഷം മാളികപ്പുറത്ത് ഗുരുതി. അയ്യപ്പഭക്തര്ക്ക് 19ന് കൂടി മാത്രമെ ദര്ശനത്തിനുള്ള അനുമതി ഉള്ളൂ. 20ന് രാവിലെ അഞ്ചിന് നട തുറക്കും. തുടര്ന്ന് നിര്മാല്യവും പതിവ് അഭിഷേകവും നടക്കും. 5.15 ന് ഗണപതി ഹോമം. ശേഷം ആറുമണിയോടെ തിരുവാഭരണ പേടകങ്ങള് വഹിച്ച് പേടകവാഹകർ പതിനെട്ടാംപടിയിലൂടെ പന്തളത്തേക്കുള്ള മടക്കയാത്ര ആരംഭിക്കും. തുടര്ന്ന് ശബരിമലയിലുള്ള പന്തളം രാജകുടുംബാംഗങ്ങള് അയ്യപ്പദര്ശനത്തിനായി എത്തിച്ചേരും. ഈ സമയത്ത് സോപാനത്തോ തിരുമുറ്റത്തോ മറ്റാര്ക്കും തന്നെ പ്രവേശനം ഉണ്ടാവില്ല. ദര്ശനം പൂര്ത്തിയായാല് ഉടന് തന്നെ ഹരിവരാസനം പാടി നട അടയ്ക്കും. തുടര്ന്ന് മേല്ശാന്തി പതിനെട്ടുപടികള് ഇറങ്ങി വന്ന് ശ്രീകോവിലിന്റെ താക്കോല് കൈമാറും. അങ്ങനെ ഈ വര്ഷത്തെ തീര്ഥാടനത്തിന് സമാപ്തിയാകും. കുംഭമാസ പൂജകള്ക്കായി ശബരിമല ക്ഷേത്രനട ഫെബ്രുവരി 12 ന് വൈകുന്നേരം തുറക്കും. 17 ന് രാത്രി നട അടയ്ക്കും.

(പി.ആര്. ശബരി - (216)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 18 | 2021 |



## ശബരിമല പത്രക്കുറിപ്പ് 6

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### രാജപ്രതിനിധികള് ശബരിമലയില് ദര്ശനം നടത്തി

ശബരിമല മണ്ഡലകാല ഉത്സവത്തിന്റെ സമാപനത്തിന് മുന്നോടിയായി വര്ഷങ്ങളായി തുടരുന്ന ആചാരത്തിന്റെ ഭാഗമായി പന്തള രാജപ്രതിനിധികള് ശബരിമലയില് ദര്ശനം നടത്തി. രാജപ്രതിനിധികളായ പ്രദീപ് കുമാര് വര്മ്മ, സുരേഷ് വര്മ്മ എന്നിവരാണ് ശബരിമലയിലെത്തിയത്. ശബരിമലയില് നടന്ന കളഭാഭിഷേകത്തില് പങ്കെടുക്കുകയും തന്ത്രി കണ്ഠരര് രാജീവരില് നിന്നും പ്രസാദം ഏറ്റുവാങ്ങുകയും ചെയ്തു.

തുടര്ന്ന് രാജപ്രതിനിധികള് ശബരിമല ക്ഷേത്ര തന്ത്രി കണ്ഠരര് രാജീവര്, ശബരിമല മേല്ശാന്തി വി.കെ. ജയരാജ് പോറ്റി, കീഴ്ശാന്തിക്കാര്, കഴകക്കാര് തുടങ്ങി വിവിധ വിഭാഗത്തില് ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ടവര്ക്ക് ആചാരപരമായി നല്കി വരുന്ന ഉപഹാര സമര്പ്പണവും നടത്തി. ബുധനാഴ്ച രാവിലെ ഇവര് മടങ്ങും.

**(പി.ആര്. ശബരി - (217)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 18 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 7

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**ശബരിമലയിലെ നാളത്തെ ചടങ്ങുകള് (19.01.2021)**

.........
പുലര്ച്ച 4 മണിക്ക് പള്ളി ഉണര്ത്തല്
5 ന്.... നട തുറക്കല്
5.05 ന് ....അഭിഷേകം
5.15 ന് ...ഗണപതി ഹോമം
7.30 ന്  ഉഷപൂജ
12 ന് ..25 കലശാഭിഷേകം
12.30ന്  ......ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
5 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
8.30 ന് അത്താഴപൂജ
8.50 ന് ഹരിവരാസനം പാടി 9 മണിക്ക് മണിക്ക് ശ്രീകോവില് നട അടയ്ക്കും.

**(പി.ആർ. ശബരി - (218)**



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 18 | 2021 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ് 8

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### ശരംകുത്തിയിലേക്ക് എഴുന്നള്ളത്ത് നടത്തി

ശബരിമലയില് മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് മാളികപ്പുറം മണിമണ്ഡപത്തില് നിന്നുമുള്ള എഴുന്നള്ളത്തുകള് സമാപിച്ചു. തിങ്കളാഴ്ച്ച ശരംകുത്തിയിലേക്ക് അവസാന ദിവസത്തെ എഴുന്നള്ളത്ത് നടത്തി. അത്താഴപൂജക്ക് ശേഷം മാളികപ്പുറത്ത് നിന്നും പുറപ്പെട്ട എഴുന്നള്ളത്തില് പന്തളം കൊട്ടാരത്തില് നിന്നുള്ള രാജപ്രതിനിധികളും പങ്കെടുത്തു. തിരുവാഭരണ വിഭൂഷിതനായ ശാസ്താവിന്റെ സങ്കല്പ്പത്തിലുള്ളതിടമ്പുമായാണ് എഴുന്നള്ളത്ത് നടത്തിയത്. മാളികപ്പുറം മേല്ശാ ന്തി രജില് നീലകണ്ഠന് നമ്പൂതിരിയാണ് എഴുന്നള്ളത്തിന് ഉപയോഗിച്ച തിടമ്പ് പൂജിച്ച് കൈമാറിയത്.തിരുവാഭരണപ്പെട്ടിയോടൊപ്പം കൊണ്ടുവന്ന കൊടിപ്പെട്ടിയിലെ കൊടി, തിടമ്പ്, കുട എന്നിവയുള്പ്പ് ടെ വാദ്യഘോഷങ്ങളോടെ വര്ണ്ണശബളമായായിരുന്നു ശരംകുത്തിയിലേക്കുള്ള എഴുന്നള്ളത്ത്. മിക്ക വര്ഷങ്ങളിലും എഴുന്നള്ളത്തിന് ആനയുണ്ടാവാറുണ്ടെങ്കിലും ഇത്തവണയില്ലായിരുന്നു. എഴുന്നള്ളത്ത് സമാപിച്ച ശേഷം അവിടെ വച്ച് നായാട്ട് വിളിച്ചു. തുടര്ന്ന് വാദ്യമേളങ്ങളും തീവെട്ടികളും കെടുത്തിയാണ് മാളികപ്പുറത്തെ മണിമണ്ഡപത്തില് തിരിച്ചെത്തിയത്.

(പി.ആര്. ശബരി - (219)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.